# മൃഗാശുപത്രി - മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ആസ്ഥാനം - വടക്കാങ്ങര

## സ്ഥാപനത്തിലെ തസ്തികകൾ

1. വെറ്ററിനറി സർജൻ – 1
2. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ – 1
3. അറ്റൻഡർ – 1
4. പാർട്ട് ടൈം സ്വീപ്പർ (കാഷ്വൽ)

പ്രവർത്തന സമയം : രാവിലെ 9 മണിമുതൽ 1 മണിവരെ
: ഉച്ചക്കു ശേഷം 2 മണിമുതൽ 3 മണിവരെ

| ക്രമ നമ്പർ | ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ | നൽകേണ്ട ഫീസ് |
|---|---|---|
| 1. | കന്നുകാലികളിൽ രോഗ നിർണ്ണയവും ചികിത്സയും | ഇല്ല |
| 2. | കന്നുകാലികൾക്കും, കോഴി, താറാവ് എന്നിവയ്ക്കും വിവിധ സാംക്രമിക രോഗങ്ങൾക്കെതിരെയുള്ള കുത്തിവെപ്പുകൾ | അതത് സമയത്തെ സർക്കാർ തീരുമാപ്രകാരം |
| 3. | പശു, എരുമ എന്നിവയിൽ കൃത്രിമ ബീജദാനവും ഗർഭനിർണ്ണയവും | സൗജന്യം |
| 4. | വളർത്തു മൃഗങ്ങൾക്ക് (പട്ടി, പൂച്ച) ചികിത്സയും രോഗങ്ങൾക്കെതിരെ കുത്തിവെപ്പ് പേ വിഷബാധ കുത്തിവെപ്പും സർട്ടിഫിക്കറ്റ് ചാർജ് | 20 രൂപ<br>25+20 രൂപ |
| 5. | മൃഗസംരക്ഷണ മേഖലയിൽ കേരള വികസന പദ്ധതിയിലൂടെ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് മാർഗനിർദ്ദേശം നൽകുക. | സൗജന്യം |
| 6. | ക്ഷീരകർഷകർക്ക് കാലി വളർത്തൽ മേഖലയിൽ ബോധവൽക്കരണം | സൗജന്യം |
| 7. | കർഷകർക്ക് മൃഗസംരക്ഷണ മേഖലയിൽ അറിവ് നൽകുക | സൗജന്യം |
| 8. | കന്നുകാലികൾക്കുള്ള കുളമ്പ് രോഗ പ്രതിരോധ കുത്തിവെപ്പ് | സൗജന്യം |

# ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രം

## (വെറ്റിനറി സബ്സെന്റർ)

## മക്കരപ്പറമ്പ്

## തസ്തികകൾ

1. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ – 1
2. പാർട്ട് ടൈം സ്വീപ്പർ – 1

| ക്രമ. നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ | നൽകേണ്ട ഫീസ് |
|---|---|---|
| 1. | പശു, എരുമ എന്നിവയിൽ ബീജദാനവും ഗർഭനിർണ്ണയവും | സൗജന്യം |

# പ്രാഥമിക / കുടുംബാരോഗ്യ കേന്ദ്രം

## മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് പി.ഒ. മക്കരപ്പറമ്പ്

### നിലവിലുള്ള തസ്തികകൾ

| | | | | | |
|---|---|---|---|---|---|
| 1. | ഡോക്ടർ | 1 | 5. | പി.ടി.എസ് | 1 |
| 2. | ഫാർമസിസ്റ്റ് | 1 | 6 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 2 |
| 3. | നഴ്സിംഗ് അസിസ്റ്റന്റ് | 1 | 7 | ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് | 3 |
| 4. | ക്ലർക്ക് | 1 | 8. | ഗ്രേഡ് 2 സ്റ്റാഫ് | 1 |
| | | | 9. | ഓഫീസ് അറ്റന്റന്റ് | 1 |

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ | നിബന്ധനകളും നിയമങ്ങളും | സേവനം ലഭ്യമാകുന്നതിനു വേണ്ട പരമാവധി സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1. | രോഗികളെ പരിശോധിച്ച് ചികിത്സ നൽകൽ | ആരോഗ്യ കേന്ദ്രത്തിൽ രാവിലെ 9 മണിമുതൽ ഉച്ചക്ക് 1 മണിവരെ ഡോക്ടറെ സമീപിക്കുക | തത്സമയം | ഗവ: നിർദ്ദേശപ്രകാരം HMC തീരുമാനിച്ച നിരക്ക് |
| 2. | മരുന്ന് നൽകൽ | ഡോക്ടർ നിർദ്ദേശിച്ച് മരുന്ന് ആരോഗ്യ കേന്ദ്ര ഫാർമസിയിൽ രാവിലെ 9 മണി മുതൽ ഉച്ചക്ക് 1 മണിവരെ | തത്സമയം | ഇല്ല |
| 3. | രോഗികൾക്ക് ആവശ്യമായ ഇഞ്ചക്ഷനുകളും മറ്റ് നഴ്സിംഗ് സേവനങ്ങളും | ആരോഗ്യ കേന്ദ്രത്തിൽ രാവിലെ 9 മണി മുതൽ ഉച്ചക്ക് 1 മണിവരെ (ഡോക്ടറുടെ നിർദ്ദേശപ്രകാരം) | തത്സമയം | ഇല്ല |
| 4. | ഡോക്ടർ നിർദ്ദേശിക്കുന്ന ലാബ് പരിശോധനകൾ ഇ.സി.ജി | ഡോക്ടർ നിർദ്ദേശിക്കുന്ന ലാബ് പരിശോധനകൾ ആരോഗ്യ കേന്ദ്രത്തിലെ ലാബിൽ രാവിലെ 9 മുതൽ ഉച്ചക്ക് 1 മണിവരെ | തത്സമയം | ഗവ: നിർദ്ദേശപ്രകാരം HMC തീരുമാനിച്ച നിരക്ക് |
| 5. | **പ്രതിരോധ കുത്തിവെപ്പുകളും മരുന്നുകളും** | | | |
| | 1) ബി.സി.ജി | എല്ലാ ബുധനാഴ്ചയും രാവിലെ 9 മുതൽ ഉച്ചക്ക് 1 വരെ ആരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നു | തത്സമയം | ഇല്ല |
| | 2) ഡിഫ്തീരിയ. വില്ലൻ ചുമ, പോളിയോ, ടിടി | എല്ലാ ബുധനാഴ്ചയും രാവിലെ 9 മുതൽ ഉച്ചക്ക് 1 വരെ ആരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നു | തത്സമയം | ഇല്ല |
| | 3) മീസിൽസ് വാക്സിൻ | എല്ലാ ബുധനാഴ്ചയും രാവിലെ 9 മുതൽ ഉച്ചക്ക് 1 വരെ ആരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നു | തത്സമയം | ഇല്ല |
| | 4) ടെറ്റനസ് | എല്ലാ ബുധനാഴ്ചയും രാവിലെ 9 മുതൽ ഉച്ചക്ക് 1 വരെ ആരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നു | തത്സമയം | ഇല്ല |

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ | നിബന്ധനകളും നിയമങ്ങളും | സേവനം ലഭ്യമാകുന്നതിനു വേണ്ട പരമാവധി സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| | 5) വിറ്റമിൻ എ തുള്ളിമരുന്ന് | എല്ലാ ബുധനാഴ്ചയും രാവിലെ 9 മുതൽ ഉച്ചക്ക് 1 വരെ ആരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നു | തത്സമയം | ഇല്ല |
| ഇല്ല | 6) ഗർഭിണികൾക്കുള്ള ടിടി | തിങ്കളാഴ്ച ദിവസങ്ങളിൽ രാവിലെ 9 മണിമുതൽ ഉച്ചക്ക് 1 വരെ ആരോഗ്യ കേന്ദ്രത്തിൽ | തത്സമയം | |
| 6. | രോഗ നിയന്ത്രണ പരിപാടികൾ 1) വിളർച്ച | എല്ലാ ദിവസവും രാവിലെ 9 മണിമുതൽ ഉച്ചക്ക് 1 മണിവരെ വിളർച്ച് ബാധിച്ചവർക്ക് അയൺ ഫോളിക് ആസിഡ് ഗുളികകൾ ആരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നു. | തത്സമയം | ഇല്ല |
| | 2) ദേശീയ രോഗ നിയന്ത്രണം, പരിപാടി | ക്ഷയം, കുഷ്ഠം, മലമ്പനി, മന്ത്, വയറിളക്കം എന്നിവക്കുള്ള പ്രത്യേക ചികിത്സക്ക് ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ രാവിലെ 9 മുതൽ ഉച്ചക്ക് 1 മണിവരെ ആരോഗ്യ കേന്ദ്രത്തിൽ ലഭ്യമാവും | തത്സമയം | ഇല്ല |
| | 3) വയറിളക്ക് രോഗ നിയന്ത്രണം മറ്റു ORS ഡിപ്പോകളിലൂടെയും | ORS പായ്ക്കറ്റുകൾ ആരോഗ്യ കേന്ദ്രത്തിൽ നിന്നും നൽകുന്നു. ക്ലോറിനേഷൻ നടത്തുന്നു ക്ലോറിനേഷന് ആവശ്യമായ ബ്ലീച്ചിംഗ് പൗഡർ നൽകുന്നു | തത്സമയം | ഇല്ല |
| | 4) മലേറിയക്കെതിരെ പ്രതിരോധ നടപടി | ഊർജ്ജിതമായ പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നു. മലേറിയ രോഗികൾക്ക് മരുന്ന് എത്തിച്ച് കൊടുക്കുന്നു. | തത്സമയം | ഇല്ല |
| 7. | കുടുംബാസൂത്രണം | കോപ്പർടി ചെയ്തു കൊടുക്കുന്നു. ഗർഭ നിരോധ നഉറകളും, ഗുളികകളും ആരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നു. ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നു. | തത്സമയം | ഇല്ല |
| 8. | മെഡിക്കൽ സർട്ടിഫിക്കറ്റ് | ആവശ്യമുള്ള രേഖകൾ (തിരിച്ചറിയൽ കാർഡ്/ ആധാർ കാർഡ്, ചികിത്സാ രേഖ) സഹിതം ഡ്യൂട്ടി സമയത്തെഡോക്ടറെ സമീപിക്കുക | തത്സമയം | ഗവ: നിശ്ചയിച്ച നിരക്ക് |
| 9. | ... സർട്ട് ഫിക്കറ്റ് ക്ഷേമ പദ്ധതികൾക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് | ആവശ്യമുള്ളവർ ഡ്യൂട്ടി സമയത്ത് (തിരിച്ചറിയൽ കാർഡ് / ആധാർ കാർഡ്) എന്നിവ സഹിതം ഡോക്ടറെ സമീപിക്കുക | തത്സമയം | ഇല്ല |
| 10. | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ | ഒപ്പ് സാക്ഷ്യപ്പെടുത്തുന്നതിന് നേരിട്ട് ഡ്യൂട്ടി സമയത്ത് ഹാജരായി ആവശ്യമായ രേഖയിൽ ഡോക്ടറുടെ മുമ്പാകെ ഒപ്പുവെക്കുക. പകർപ്പ് സാക്ഷ്യപ്പെടുത്തുന്നതിന് പകർപ്പും അസ്സലും നേരിട്ട് ഹാജരാക്കുക | തത്സമയം | ഇല്ല |
| 11 | നേത്ര പരിശോധന | മാസത്തിൽ ഒരു ദിവസം (ബ്ലോക്ക് ആശുപത്രിയിൽ നിന്ന് ദിർദ്ദേശിക്കുന്ന ദിവസം) | തത്സമയം | ഇല്ല |
| 12 | സാനിറ്ററി സർട്ടിഫിക്കറ്റ് | ആവശ്യമായ രേഖകളും ട്രഷറിയിൽ ചലാൻ അടച്ചതിന്റെ രസീതും സഹിതം ഹെൽത്ത് ഇൻസ്പെക്ടർക്ക് / മെഡിക്കൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുക. സ്ഥലം സന്ദർശിച്ച് തൃപ്തികരമാണെങ്കിൽ സർട്ടിഫിക്കറ്റ് നൽകുന്നതാണ് | 15 ദിവസം | |

1. ആരോഗ്യ കേന്ദ്രത്തിൽ മേൽപറഞ്ഞ സേവങ്ങൾ ലഭ്യമാക്കുന്നതിനു പുറമെ മക്കരപ്പറമ്പ് പഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്യുന്ന ആരോഗ്യ പ്രവർത്തകരായ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരും ഗൃഹസന്ദർശനം നടത്തി ഗർഭിണികൾക്കുള്ള പരിശോധനയും വിളർച്ചാ നിവാരണത്തിനുള്ള ഗുളിക വിതരണവും ആവശ്യമായ ഉപദേശ നിർദ്ദേശങ്ങളും നൽകുകയും മഹിളാ സ്വസ്തിക് സംഘം, അംഗൻവാടികൾ എന്നിവ കേന്ദ്രീകരിച്ച് വിവിധ ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്.

2) മലിനീകരണം, പൊതുജനാരോഗ്യത്തിന് പ്രശ്നമുണ്ടാക്കുന്ന മറ്റു കാര്യങ്ങൾ എന്നിവയിൽ പരാതി ലഭിച്ചാൽ ഹെൽത്ത് ഇൻസ്പെക്ടർ പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നു. മലമ്പനി നിർണ്ണയത്തിന് രക്തസാമ്പിളുകളെടുത്ത് പരിശോധിക്കുന്നു.

3) ഫീൽഡ് പ്രതിരോധ കുത്തിവെപ്പുകൾ മെഡിക്കൽ ഓഫീസറുടെയും പബ്ലിക് ഹെൽത്ത് നഴ്സിന്റെയും നേതൃത്വത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ സഹായത്തോടുകൂടി ആരോഗ്യ ഉപദേശങ്ങൾ, അംഗൻവാടികൾ എന്നിവ കേന്ദ്രീകരിച്ച് നടത്തപ്പെടുന്നു.

4) ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രവർത്തി സമയം ഉച്ചക്ക് 1 മുതൽ വൈകുന്നേരം 6 വരെ ദീർഘിപ്പിക്കുന്ന പക്ഷം ക്രമ നം. 1 മുതൽ 4 വരെയുള്ള സേവനങ്ങൾ വൈകുന്നേരം 6 വരെ ലഭിക്കുന്നതായിരിക്കും.

# ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി

## മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

### നിലവിലെ തസ്തികകൾ

1. മെഡിക്കൽ ഓഫീസർ
2. ഫാർമസിസ്റ്റ്
3. അറ്റൻഡർ
4. പാർട്ട് ടൈം സ്വീപ്പർ

### പൊതു വിവരങ്ങൾ

സുരക്ഷിതയും, ശാസ്ത്രീയവും, ചിലവ് കുറഞ്ഞതും, ദോഷ രഹിതവും, സമഗ്ര ജീവിത ദർശനത്തിലധിഷ്ഠിതമായ ഒരു ചികിത്സാ സംമ്പ്രദായമാണ് ഹോമിയോപതി. ശാരീരികവും, മാനസികവും, വൈകാരികവുമായ എല്ലാ സവിശേഷതകളെയും പ്രയാസങ്ങളേയും കണക്കിലെടുത്താണ് ഹോമിയോപതിയിൽ മരുന്ന് നിർണ്ണയിക്കുന്നത്. ഇതിൽ ഉപയോഗിക്കുന്ന എല്ലാ മരുന്നുകളും ആരോഗ്യമുള്ളവരിൽ പ്രയോഗിച്ച് അതിൽ നിന്നും ലഭിക്കുന്ന ലക്ഷണങ്ങൾ ക്ലിനിക്കൽ വെരിഫിക്കേഷൻ നടത്തി ഉറപ്പ് വരുത്തിയ ശേഷമാണ് ചികിത്സക്കായി ഉപയോഗിക്കുന്നത്.

ഹോമിയോപതി ഔഷധങ്ങൾ സേവിക്കുമ്പോൾ ആഹാരക്രമത്തിലും ജീവിത ചര്യയിലുമാണ് നിയന്ത്രണം വേണ്ടത്. ആഹാരക്രമം വ്യക്തികൾക്കും അസുഖങ്ങൾക്കും അനുസരിച്ച് വ്യത്യസ്ഥമായിരിക്കും. എങ്കിലും ലഹരി പദാർത്ഥങ്ങൾ, ഫാസ്റ്റ് ഫുഡ് മറ്റ് കൃത്രിമ സംസ്കരണ പദാർത്ഥങ്ങൾ അടങ്ങിയ ഭക്ഷണങ്ങൾ വർജ്ജിക്കേണ്ടതാണ്.

നിലവിലുള്ള എല്ലാ പരിമിധിക്കുള്ളിലും, പൊതുജന സൗഹൃദവും സേവനതൽപര്യവും ഗുണപൂർവ്വമായ സചേതന ബന്ധ രോഗികളുമായി വളർത്തിയെടുത്തുകൊണ്ട് ഈ ഡിസ്പെൻസറിയെ കാര്യക്ഷമവും പൊതുജനോപകാരപ്രദമാക്കുക എന്നതാണ് പ്രധാനദൗത്യം.

### പ്രവർത്തന സമയം

രാവിലെ 9 മണിമുതൽ ഉച്ചക്ക് 2 മണി വരെ
എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മുതൽ ഉച്ചക്ക് 12 വരെ

### ഹോമിയോ ഡിസ്പെൻസറിയിൽ നിന്നും ലഭിക്കുന്ന സേവങ്ങൾ

സമഗ്ര ആരോഗ്യ പരിരക്ഷ സേവനം തേടിയെത്തുന്നവർക്ക് പരമാവധി സേവനം ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. രോഗികളെ ഔട്ട് പേഷ്യന്റ് ആയാണ് ഇവിടെ ചികിത്സിക്കുന്നത്. അത്തരം രോഗികളെ ലഭ്യമായ സൗകര്യം ഉപയോഗിച്ച് പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും കൂടാതെ ആവശ്യമായ മരുന്നുകളും നൽകുന്നു. ചികിത്സയുടെ ഏതെങ്കിലും ഘട്ടത്തിൽ കിടത്തി ചികിത്സ വേണ്ടിവരികയാണെങ്കിൽ മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്ന ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നു.

പുതിയ രോഗങ്ങൾ, പഴകിയ രോഗങ്ങൾ, കാലാകലങ്ങളിൽ പടന്ന് പിടിക്കുന്ന പകർച്ച വ്യാധികൾക്ക് ചികിത്സ, പ്രതിരോധിക്കാൻ മരുന്ന് മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സ്, കുട്ടികളിൽ കാണുന്ന മാനസിക വൈകല്യങ്ങൾ, സ്ത്രീകൾക്ക് പ്രത്യേകിച്ചും ഗർഭാവസ്ഥയുടെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ മരുന്നുകൾ, ജീവിത ശൈലീ രോഗങ്ങൾക്കുള്ള ചികിത്സ, ജില്ലാ ഹോമിയോ ആശുപത്രിയിലെ സ്പെഷ്യൽ ക്ലിനിക്കുകളായ ആസ്തമ, അലർജി ക്ലിനിക്, ലഹരി വിമുക്ത ക്ലിനിക്, വന്ധ്യതാ നിവാരണ ക്ലിനിക്, സദ്ഗമായ (കുട്ടികളുടെ പഠനവൈകല്യ പരിഹാരം), സാന്ത്വനം (സ്ത്രീകളുടെ ശാരീരിക മാനസിക പ്രശ്നങ്ങൾ നേരിടുന്നതിന്), തൈറോയിഡ് ക്ലിനിക് എന്നിവിടങ്ങളിലേക്ക് റഫറൽ, കൂടാതെ ഇവിടെ നിന്നും ചികിത്സ തേടിയവർക്ക് ആവശ്യമെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റ്, സാക്ഷ്യപ്പെടുത്തൽ എന്നീ സേവനങ്ങളും ലഭ്യമാണ്.

## മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ സർക്കാർ / എയ്ഡഡ് സ്കൂളുകൾ

1. ജി.എം.എൽ.പി. സ്കൂൾ വടക്കാങ്ങര
2. ജി.എൽ.പി.സ്കൂൾ പോത്തുകുണ്ട്
3. എം.എം.എ.എൽ.പി. സ്കൂൾ മക്കരപ്പറമ്പ്
4 എ.എം.എൽ.പി. സ്കൂൾ തടത്തിൽകുണ്ട്
5. എ.എം.എൽ.പി. സ്കൂൾ കാച്ചിനിക്കാട്
6 ഐഡിയൽ മനാർ എൽ.പി. സ്കൂൾ കാച്ചിനിക്കാട്
7 എം.പി.ജി.യു.പി. സ്കൂൾ വടക്കാങ്ങര
8. വി.എച്ച്.എം.യു.പി. സ്കൂൾ പുണർപ്പ
9 ഗവ: വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ മക്കരപ്പറമ്പ്
10 ടി.എസ്.എസ്. ഹയർസെക്കണ്ടറി വടക്കാങ്ങര

# മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്
# ഗവൺമെന്റ് ആയുർവേദിക് ഡിസ്പെൻസറി
## മക്കരപ്പറമ്പ് പി.ഒ

### നിലവിലെ തസ്തികകൾ

| | | | | | |
|---|---|---|---|---|---|
| 1. | മെഡിക്കൽ ഓഫീസർ | 1 | 4. | പാർട്ട്ടൈം സ്വീപ്പർ | 1 |
| 2. | ഫാർമസിസ്റ്റ് ഗ്രേഡ് 2 | 1 | | (കാഷ്വൽ സ്വീപ്പർ) | |
| 3. | അറ്റന്റർ ഗ്രേഡ് 1 | 1 | | | |

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ | നിബന്ധനകളും നിയമങ്ങളും | സേവനം ലഭ്യമാകുന്നതിനു വേണ്ട പരമാവധി സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1. | രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിച്ച് മരുന്ന നൽകൽ | ഡിസ്പെൻസറിയിൽ രാവിലെ 9 മണിമുതൽ 2 മണിവരെ ഡോക്ടറെ സമീപിക്കുക | തത്സമയം | ഗവ: നിർദ്ദേശിച്ച നിരക്ക് |
| 2. | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ | ഒപ്പ് സാക്ഷ്യപ്പെടുത്തുന്നതിന് നേരിട്ട് ഡ്യൂട്ടി സമയത്ത് ഹാജരായി ആവശ്യമായ രേഖയിൽ ഡോക്ടറുടെ മുമ്പാകെ ഒപ്പു വെക്കുക. പകർപ്പ് സാക്ഷ്യപ്പെടുത്തുന്നതിന് പകർപ്പും അസ്സലും നേരിട്ട് ഹാജരാക്കുക | തത്സമയം | ഇല്ല |

# വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, മക്കരപ്പറമ്പ്
# വടക്കാങ്ങര

### നിലവിലുള്ള തസ്തികകൾ

1. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2

ഗ്രാമവികസന വകുപ്പിലൂടെ നടപ്പാക്കുന്ന കേന്ദ്ര സംസ്ഥാനപദ്ധതി ആനുകൂല്യങ്ങൾ, ജനകീയാസൂത്രണം പദ്ധതി നിർമ്മാണം, സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ അന്വേഷണങ്ങൾ എന്നിവയാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മുഖേന ലഭിക്കുന്നത്. ലൈഫ് പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനും വി.ഇ.ഒ ആണ്.

ബ്ലോക്ക് പഞ്ചായത്ത് മുഖേനനടപ്പാക്കിവരുന്ന എൻ.ആർ.ഇ.ജി.എസ്, ഇന്ദിരാ ആവാസ് യോജന, ലൈഫ് മിഷൻ, ഗ്രാമീണ ഭവന നിർമ്മാണ വായ്പ സബ്സിഡി പദ്ധതി, കേന്ദ്ര ഗ്രാമ ശുചിത്വ പരിപാടി എന്നിവയുടെ നടത്തിപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ സേവനം ലഭ്യമാണ്.

### വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിൽ നിന്നും ലഭിക്കുന്ന വിവിധ സേവനങ്ങൾ

1. ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ
2. പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതിയുടെ പരിശോധനയും സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകലും
3. ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഷിക പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ
4. വാർദ്ധക്യ കാല പെൻഷൻ അപേക്ഷ വെരിഫിക്കേഷനും റിപ്പോർട്ട് നൽകലും
5. മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ വെരിഫിക്കേഷനും റിപ്പോർട്ട് നൽകലും
6. ബി.പി.എൽ. സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ വെരിഫിക്കേഷനും റിപ്പോർട്ട് നൽകലും

## കുടുംബശ്രീ – സി. ഡി. എസ്. ഓഫീസ്

സ്ത്രീകളിലൂടെ കുടുംബങ്ങളിലേക്ക്, കുടുംബങ്ങളിലൂടെ സമൂഹത്തിലേക്ക് എന്ന മുദ്രാവാക്യത്തിലൂന്നി 1994 മുതൽ ആരംഭിച്ച യു.ബി.എസ്.പി (അർബ്ബൻ ബെയ്സിക് സ്കീം ഫോർ പൂവേഴ്സ്), സി.ബി.എൽ. പി. (സാമൂഹ്യാധിഷ്ഠിത പോഷകാഹാര പരിപാടി), പി.എ.പി (ദാരിദ്ര്യ ലഘൂകരണ പരിപാടി) എന്നീ പരിപാടികളെയും ഒന്നിച്ച് ചേർത്ത് ഒറ്റ പദ്ധതിയായി കുടുംബശ്രീ എന്ന പേരിലാണ് ഇന്നറിയപ്പെടുന്നത്.

### സംഘടനാ രീതി

താഴെപറയുന്ന ക്ലേശ ഘടകങ്ങൾ പരിഗണിച്ച് ദരിദ്ര കുടുംബങ്ങളെ നിശ്ചയിക്കുന്നു.

1. വാസയോഗ്യമായ പാർപ്പിടം ഇല്ലാതിരിക്കുക
2. കുടിവെള്ളം 300 മീറ്റർ അടുത്തെങ്കിലും ഇല്ലാതിരിക്കുക
3. ശുചിത്വമാർന്ന കക്കൂസ് ഇല്ലാതിരിക്കുക
4. പ്രായപൂർത്തിയായ ഒരാളെങ്കിലും നിരക്ഷരനായി കുടുംബത്തിൽ ഉണ്ടായിരിക്കുക
5. കുടുംബത്തിൽ ഒരാൾക്കുമാത്രമെ തൊഴിലുള്ളൂ. അല്ലെങ്കിൽ ആർക്കും തൊഴിലില്ലാ എന്ന അവസ്ഥ
6. രണ്ടുനേരം പോലും മതിയായ ആഹാരം കഴിക്കാനില്ലാത്ത കുടുംബം
7 അഞ്ചുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള കുടുംബം
8 മദ്യത്തിനോ മയക്കുമരുന്നിനോ അടിമപ്പെട്ട ആരെങ്കിലും ഉള്ള കുടുംബം
9 പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബം
10 മാരകരോഗം പിടിപ്പെട്ട് ചികിത്സിക്കാൻ വകയില്ലാത്തവർ
11 വിധവകളായ സ്ത്രീകൾ നാഥകളായ കുടുംബങ്ങൾ

ഇവയിൽ നാലെണ്ണമോ അതിൽ കൂടുതലോ ഘടകങ്ങൾ ഉള്ളവയാണ് ദാരിദ്ര കുടുംബങ്ങൾ

### അയൽക്കൂട്ടങ്ങൾ (എൻ.എച്ച്.ജി)

മുകളിൽ പറഞ്ഞ വിധമുള്ള ദരിദ്ര കുടുംബങ്ങളെ നിശ്ചയിച്ചു കഴിഞ്ഞാൽ തൊട്ടടുത്തുള്ള 10 മുതൽ 20 വരെ ദരിദ്ര കുടുംബങ്ങളിൽ നിന്നായി പ്രായപൂർത്തിയായ ഓരോ വനിതയെ ഉൾപ്പെടുത്തി ഒരു സംഘം രൂപീകരിക്കുന്നു. ഇതാണ് അയൽക്കൂട്ടങ്ങൾ. തെരഞ്ഞെടുക്കുന്ന 5 സമൂഹ സേവികരാണ് അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

### പ്രാദേശിക വികസന സംഘങ്ങളും (എ.ഡി.എസ്)
### സമൂഹ വികസന സംഘങ്ങളും(സി.ഡി.എസ്)

ഒരു വാർഡിലുള്ള അയൽക്കൂട്ടങ്ങൾ എല്ലാം ചേർന്ന് നികസന സംഘങ്ങളും (എ.ഡി.എസ്). ഈ എ. ഡി.എസ്സുകൾ ചേർന്ന് പഞ്ചായത്ത് തലത്തിൽ സമൂഹ വികസന സംഘവും (സി.ഡി.എസ്) രൂപപ്പെടുത്തുന്നു. ഓരോ ഘടകത്തിന്റെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ അതാത് ഘടകം തന്നെ തിരഞ്ഞെടുക്കുന്ന സമിതികൾ ഉണ്ടായിരിക്കും. പ്രസ്തുത സി.ഡി.എസ് സൊസൈറ്റി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതും കുടുംബശ്രീ മിഷനിൽ നിന്നും ലഭിക്കുന്ന തുകകളുടെ ധനവിനിയോഗം നടത്തേണ്ടതുമാണ്.

സി.ഡി.എസ് അംഗങ്ങളിൽ നിന്നും തിരഞ്ഞെടുത്ത പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തിച്ചുവരുന്നത്. സി.ഡി.എസ്സിന്റെ ചാർജ്ജ് ഓഫീസറായി അസി. സെക്രട്ടറിയെ പഞ്ചായത്ത് ചുമതലപ്പെടുത്തിയിരിക്കുന്നു.

മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ സി.ഡി.എസ്സിന് കീഴിൽ 163 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ ആകെ 2378 പർ അംഗങ്ങളാണ്.

## പ്രവർത്തനങ്ങൾ

1. ദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റ് (പഞ്ചായത്ത് അംഗീകരിച്ചത്) വിവിധ വികസന വകുപ്പുകൾക്കും ബാങ്കുകൾക്കും ഏജൻസികൾക്കും നൽകുക, സഹായം സംഘടിപ്പിച്ചു നൽകുക
2. ഓരോ അയൽക്കൂട്ടവും അതിന്റെ അംഗങ്ങളിൽ നിന്ന് ലഘുനിക്ഷേപം (ത്രിഫ്റ്റ്) സമാഹരിക്കുന്നു. ബാങ്കിൽ നിക്ഷേപിക്കുന്നു. അംഗങ്ങളുടെ അത്യാവശ്യ കാര്യങ്ങൾക്ക് വായ്പ നൽകുന്നു. ഈ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്ന സംഘങ്ങൾക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളും ഏജൻസികളും വായ്പ നൽകുന്നു.
3. ബാലസഭകളുടെ രൂപീകരണം
4. മൈക്രോസംരംഭങ്ങൾ ആരംഭിക്കുക.
5. തൊഴിൽ യൂണിറ്റുകൾ സംഘടിപ്പിക്കൽ
6. ദാരിദ്ര്യലഘൂകരണ പ്രോജക്ടുകളുടെ നടത്തിപ്പിൽ വി.ഇ.ഒ യെ സഹായിക്കൽ

## തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ

മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ഒരുതുടർ വിദ്യാഭ്യാസ കേന്ദ്രമാണ് അനുവദിച്ചിട്ടുള്ളത്. പഞ്ചായത്ത് തല സാക്ഷരതാ സമിതിയും വാർഡ് തല സാക്ഷരതാ സമിതിയും ആണ് തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന് നേതൃത്വം നൽകുന്നത്. തുടർ സാക്ഷരതാ പരിപാടി, വ്യക്തിത്വ വികസന പരിപാടി, തുല്യതാപരിപാടി ഇവയിലൂന്നിക്കൊണ്ട് സാക്ഷരതാ ക്ലാസ്സുകൾ നടത്തുക, തൊഴിൽ പരിശീലനങ്ങൾ നടത്തുക, മറ്റു ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ പഠനത്തിൽ സഹായിക്കുന്ന എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളും തുടർ വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്ന് ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ വിവിധ ഡിപ്പാർട്ട്മെന്റുകൾ, പഞ്ചായത്തുകൾ ഇവ വഴി നടപ്പാക്കുന്ന വികസന – സേവന പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരം നൽകുന്ന കേന്ദ്രങ്ങൾ കൂടിയാണ് തുടർ വിദ്യാഭ്യാസ കേന്ദ്രം. 15 മുതൽ 45 വയസ്സുവരെ പ്രായമുള്ളവർക്കായി തുല്യതാ പരിപാടികളും നടപ്പാക്കുന്നുണ്ട്. ഔപചാരിക വിദ്യാഭ്യാസം നേടാനോ പൂർത്തിയാക്കാത്തവർക്കോ പറ്റാത്തവർക്കായി 4, 7, 10 ക്ലാസ്സുകളിൽ പഠനം നടത്തിയതിന് തുല്യ അംഗീകാരം കിട്ടുന്ന സർട്ടിഫിക്കറ്റ് നൽകുക എന്നതാണ് തുല്യതാ പരിപാടി.

# അംഗൻവാടികൾ

## തസ്തികകൾ

| | | |
|---|---|---|
| 1. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1 |
| 2. | അങ്കണവാടികൾ | 18 |
| 3. | അങ്കണവാടി വർക്കർമാർ | 18 |
| 3. | അങ്കണവാടി ഹെൽപ്പർമാർ | 18 |

## മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ

| ക്രമ നമ്പർ | അംഗൻവാടി നമ്പർ | അംഗൻവാടിയുടെ പേർ, സ്ഥലം | വാർഡ് |
|---|---|---|---|
| 1 | 64 | പോത്ത്കുണ്ട് | 5 |
| 2. | 65 | വടക്കെ കുളമ്പ് | 5 |
| 3. | 66 | ശിശുവിഹാർ | 6 |
| 4 | 67 | തടത്തിൽകുണ്ട് | 8 |
| 5. | 68 | കാളാവ് | 9 |
| 6 | 69 | ഊട്ടുപുറം | 4 |
| 7 | 70 | കണിപറമ്പ് | 3 |
| 8 | 71 | അയ്യംപറമ്പ് | 2 |
| 9 | 72 | വട്ടപ്പറമ്പ് | 1 |
| 10 | 73 | പഞ്ചായത്ത് പടി | 13 |
| 11 | 74 | തെക്കത്ത് പറമ്പ് | 10 |
| 12 | 75 | പുണർപ്പ | 10 |
| 13 | 76 | കരുവള്ളിക്കുളമ്പ് | 1 |
| 14 | 77 | താഴെ കാളാവ് | 9 |
| 15 | 78 | വെള്ളാട്ട്പറമ്പ് | 3 |
| 16 | 79 | കുഴാപറമ്പ് | 6 |
| 17 | 80 | കുഴിയേങ്ങൽ പടി | 12 |
| 18 | 81 | അത്തിക്കോട് | 4 |